വിഴിഞ്ഞം മദർ പോർട്ട് നിർമ്മാണം

131 (135) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. ടി. യു. കുരുവിള:
ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം മദർ പോർട്ടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിഴിഞ്ഞം ഇറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കൺസഷനയറെ തെരഞ്ഞെടുക്കുന്നതിനായി 2010-ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി. ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012-ൽ വിജയം കാണാത്തതിനെ ഇടർന്ന് കേന്ദ്രസർക്കാരിന്റെ പാരിസ്ഥിതികാനുമതിക്കു ശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്ന തരത്തിൽ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013-ൽ ടെണ്ടർ വിളിച്ചു. വിഴിഞ്ഞം ഇറമുഖ പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3-ാം തീയതി പാരിസ്ഥിതികാനുമതി നൽകി. VGF സംബന്ധിച്ച കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി. പദ്ധതിയ്ക്കാവശ്യമായ ആകെ 229.10 ഏക്കറിൽ 206.84 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിക്കാവശ്യമായ ജലം എത്തിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുകയും ചെയ്തു. നിർമ്മാണഘട്ടത്തിലേക്കാവശ്യമായ 5 MW വൈദ്യുതി വിഴിഞ്ഞം ഇറമുഖ പദ്ധതി പ്രദേശത്ത് ലഭ്യമാക്കി. പദ്ധതിയുടെ പ്രവർത്തന ഘട്ടത്തിൽ ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള 220 KV വൈദ്യുതി ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. റെയിൽവെ ലൈൻ എത്തിക്കുന്നതിനു വേണ്ടി റെയിൽ വികാസ് നിഗം ലിമിറ്റഡ് മുഖാന്തിരം DPR (Detailed Project Report) തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളനുസരിച്ച് വളരെ സുതാര്യമായി ആഗോളതലത്തിൽ നടത്തിയ ഈ മത്സരാധിഷ്ഠിത ടെണ്ടറിൽ അഞ്ച് കമ്പനികൾ യോഗ്യത നേടുകയും ഇതിൽനിന്നും മൂന്നു കമ്പനികൾ ടെണ്ടർ ഡോക്യുമെന്റ് വാങ്ങുകയും ചെയ്തുവെങ്കിലും Ms. Adani Ports & Special Economic Zone ലിമിറ്റഡ് മാത്രമാണ് Price Bid സമർപ്പിച്ചിട്ടുള്ളത്. ഈ ബിഡ് സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ ഉന്നതാധികാര സമിതിയും വിഴിഞ്ഞം അന്താരാഷ്ട്ര

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇറമുഖ കമ്പനിയുടെ ഡയറക്ടർ ബോർഡും ശിപാർശ ചെയ്തുവെങ്കിലും തീരുമാനം ഒരു സർവ്വകക്ഷി യോഗത്തിനുശേഷം എടുത്താൽ മതിയെന്ന് മെയ് 20-ന് കൂടിയ മന്ത്രിസഭായോഗം തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം 2015 ജൂൺ മാസം 3-ാം തീയതി സർവ്വകക്ഷിയോഗം വിളിക്കുകയുണ്ടായി. സർവ്വകക്ഷിയോഗത്തിൽ ചില കക്ഷി നേതാക്കൾ ഇപ്പോഴത്തെ ടെണ്ടർ വ്യവസ്ഥകളെപ്പറ്റി സംശയങ്ങൾ പ്രകടിപ്പിക്കുകയും അതിന് സർക്കാർ വ്യക്തമായ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി ഇപ്പോഴത്തെ ടെണ്ടർ പ്രകാരം നടപ്പിലാക്കുന്നതിനോട് പ്രതിപക്ഷ നേതാവ് യോഗത്തിൽ എതിർപ്പ് പ്രകടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ വിഴിഞ്ഞം ഇറമുഖത്തിന്റെ ടെണ്ടർ നടപടികൾ വളരെ സുതാര്യമായും സംസ്ഥാന താത്പര്യങ്ങൾ സംരക്ഷിച്ചും നടത്തുമെന്ന് മുഖ്യമന്ത്രി ഉറപ്പുനൽകി.

വിഴിഞ്ഞം ഇറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

132 (136) ശ്രീമതി ജമീല പ്രകാശം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) വിഴിഞ്ഞം ഇറമുഖത്തിന്റെ നിർമ്മാണത്തിനുവേണ്ടി ഈ സർക്കാർ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ;

(ബി) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഏതൊക്കെ കമ്പനികളാണ് ഇത് സംബന്ധിച്ച് താത്പര്യം പ്രകടിപ്പിച്ച് മുന്നോട്ട് വന്നിട്ടുള്ളത്എന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കമ്പനികളുമായി സർക്കാരിന്റെ പ്രതിനിധികൾ ചർച്ച നടത്തിയിരുന്നോയെന്നു വെളിപ്പെടുത്തുമോ ;

(ഇ) എങ്കിൽ ആരുമായി എന്ന്, എവിടെവച്ച് ചർച്ച നടത്തിയെന്ന് വ്യക്തമാക്കാമോ;

(എഫ്) നിലവിലുള്ള സാഹചര്യത്തിൽ ഇറമുഖത്തിന്റെ നിർമ്മാണ ചുമതല ഏത് കമ്പനിക്ക് നൽകിയാലും സർക്കാരിനുഗണ്യമായ തുക ചെലവഴിക്കേണ്ടിവരും എന്ന വസ്തുത കണക്കിലെടുത്ത് സർക്കാർ നേരിട്ട് ഇറമുഖ നിർമ്മാണ പ്രവർത്തനം നടത്താൻ നയപരമായ തീരുമാനം കൈക്കൊള്ളാൻ തയ്യാറാകുമോ?

ഉത്തരം

(എ & ബി) വിഴിഞ്ഞം അന്താരാഷ്ട്ര ഇറമുഖത്തിന്റെ നിർമ്മാണത്തിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു: വിഴിഞ്ഞം ഇറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കൺസഷനയറെ തെരഞ്ഞെടുക്കുന്നതിനായി 2010-ൽ ലാന്റ് ലോർഡ് മാതൃകയിൽ പി.പി.പി. ഘടകങ്ങളോടെ വിളിച്ച ടെണ്ടർ 2012-ൽ വിജയം കാണാത്തതിനെ തുടർന്ന് കേന്ദ്രസർക്കാരിന്റെ പാരിസ്ഥിതികാനുമതിക്കുശേഷം കേന്ദ്ര ഗവൺമെന്റിന്റെ VGF ലഭ്യമാകുന്ന തരത്തിൽ പി.പി.പി. ഘടകങ്ങൾ വർദ്ധിപ്പിച്ച് 2013-ൽ ടെണ്ടർ വിളിച്ചു. വിഴിഞ്ഞം ഇറമുഖ പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2014 ജനുവരി 3-ാം തീയതി പാരിസ്ഥിതികാനുമതി നൽകി. VGF സംബന്ധിച്ച കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെ അനുമതി 2015 ഫെബ്രുവരി 3-ാം തീയതി ലഭ്യമായി. പദ്ധതിയ്ക്കാവശ്യമായ ആകെ 229.10 ഏക്കറിൽ 206.84 ഏക്കർ ഭൂമി ഏറ്റെടുക്കുകയും പദ്ധതിക്കാവശ്യമായ